## പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2162** — **18.12.2012-ൽ മറുപടിയ്ക്ക്**

### സോളാർ പാടങ്ങൾ സ്ഥാപിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി<br>,, കെ.മുരളീധരൻ<br>,, പി.എ.മാധവൻ<br>,, ഷാഫി പറമ്പിൽ | | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സോളാർ പാടങ്ങൾ സ്ഥാപിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ | (എ) | അനെർട്ടിന്റെ നേതൃത്വത്തിൽ പാലക്കാട് 2 MW സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിക്കാനുള്ള ഒരു പദ്ധതിയ്ക്ക് രൂപം കൊടുത്തുവരുന്നു. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | പാരമ്പര്യേതര ഊർജ്ജവിഭവങ്ങളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുക, അതിലൂടെ സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. |
| (സി) | സംസ്ഥാനത്ത് ലഭ്യമായ തരിശുഭൂമിയിൽ പ്രസ്തുതപദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ; | (സി) & (ഡി) | പാലക്കാട് അനെർട്ടിന് സ്വന്തമായുള്ള സ്ഥലത്താണ് പ്രസ്തുത പദ്ധതി പരിഗണിച്ചിരുന്നത്. അനെർട്ട് നേരിട്ട് നടപ്പാക്കുന്ന ഈ പദ്ധതിയിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.യ്ക്ക് വിലയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഏതെല്ലാം വകുപ്പുകളുടെ സഹായത്തോടെയാണ് ഈപദ്ധതി നടപ്പാക്കുന്നതെന്നറിയിക്കുമോ? | | |

സെക്ഷൻഓഫീസർ